SANSKRIT SCHOOLS RECOGNISED BY GOVERMENT

133. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) സ്റ്റേറിൽ ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ള എത്ര സംസ്കൃത പാഠശാലകൾ ഉണ്ടു്;

(ബി) ഓരോന്നിലും ഇപ്പോൾ ഉള്ള ക്ലാസ്സുകളും അദ്ധ്യാപകന്മാരും എത്ര;

(സി) ഓരോന്നിലും നൽകിവരുന്ന ഗ്രാൻറു എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) 9. (എഴു).

(ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്ന സ്റ്റേറുമെൻറു നോക്കുക. (Appendix III)

RAMAVARMA TRAINING INSTITUTE—NUMBER OF STUDENTS

134. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൪൬—൧൯൪൭ വിദ്യാഭ്യാസ വർഷത്തിൽ രാമവർമ്മപുരം ട്രെയിനിങ്ങു് ഇൻസ്റ്റിട്യൂഷനിൽ എത്ര അദ്ധ്യാപക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്;

(ബി) അവർക്കു താമസത്തിനു് എന്തെങ്കിലും സൌകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ;

(സി) അവിടെ വിദ്യാർത്ഥികൾ മുൻകൊല്ലത്തെ അപേക്ഷിച്ചു വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ചു സ്റ്റാഫു് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ടീച്ചിങ്ങു് പ്രാക്ടിക്കൽ ക്ലാസ്സു് കൂടുതലായി നടത്തുന്നതിനു വല്ല സൌകര്യവും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ൪൫൦.

(ബി) ഉവ്വു്.

(സി) ഇല്ല.

(ഡി) ഇല്ല. ഇപ്പോഴുള്ള സൌകര്യങ്ങളെക്കൊണ്ടുതന്നെ ഈ ആവശ്യം ഏറക്കുറെ നിറവേറ്റാവുന്നതാണു്.

MEMORANDUM FROM COCHIN HINDI PRACHAR SABHA

135. ചൌധരി ജി. എസ്സു്. ധാരാസിംഗു് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) ഇക്കൊല്ലം ആദ്യത്തിൽ കൊച്ചി ഹിന്ദിപ്രചരണസമിതിയിൽനിന്നും ഒരു മെമ്മോറാണ്ടം ഗവണ്മെണ്ടിലേക്കു സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു ഗവണ്മെണ്ടു് എന്തു നടപടി എടുത്തു;

(ബി) ഹിന്ദിപ്രചാരകന്മാരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചു വീണ്ടും ടി സമിതിയിൽനിന്നും ഗവണ്മെണ്ടിലേക്കു വല്ല അപേക്ഷകളും അയക്കുകയുണ്ടായോ; അതിനെക്കുറിച്ചു ഗവണ്മെണ്ടു് എന്തു നടപടിയെടുത്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വു് ഹിന്ദി അദ്ധ്യാപകജോലിക്കു് സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനും കൂടുതൽ ഹിന്ദിഅദ്ധ്യാപകന്മാരെ നിയമിക്കുന്നതിനും വക അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിക്കുന്നുണ്ടു്.

(ബി) ഉവ്വു്. എ. ക്കു് തന്നിട്ടുള്ള ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

SIRKAR SCHOOLS—LACK OF TEACHERS

136. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) how many classes or divisions are there in all the Sirkar Schools of the State now without teachers;

(*b*) what have the Government done to remedy this defect?

LIBRARY ARCHIVES Kerala Legislative Assembly